LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) മുൻ സർക്കാരിന്റെകാലത്ത് ഭൂമി വാങ്ങുന്നതിനായി നൽകിവന്നിരുന്ന ധനസഹായത്തിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

വർഷം	പഞ്ചായത്ത്	മുനിസിപ്പാലിറ്റി	കോർപ്പറേഷൻ
2006-07	25,000	27,500	30,000
2007-08	45,000	50,000	60,000
2008-09	45,000	50,000	60,000
2009-10	75,000	90,000	1,00,000
2010-11	75,000	90,000	1,00,000

(ബി) ഭൂമിയുടെ വിലക്കയറ്റം കണക്കിലെടുത്ത് ഭൂമി വാങ്ങുന്നതിന് നൽകുന്ന ധനസഹായം ഗ്രാമപഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും യഥാക്രമം 1.50 ലക്ഷം രൂപ, 1.75 ലക്ഷം രൂപ, 2 ലക്ഷം രൂപ എന്നിങ്ങനെ വർദ്ധിപ്പിക്കുകയുണ്ടായി. തുടർന്ന്, മുനിസിപ്പാലിറ്റികളിൽ ഭൂമി വാങ്ങുന്നതിനുള്ള ധനസഹായം 1.75 ലക്ഷത്തിൽനിന്ന് 2 ലക്ഷമായും കോർപ്പറേഷനുകളിൽ 2 ലക്ഷം രൂപയിൽനിന്ന് 3 ലക്ഷമായും 2013 സെപ്റ്റംബറിൽ വർദ്ധിപ്പിച്ചിട്ടുണ്ട്.

ഭൂരഹിത പുനരധിവാസ പദ്ധതി പ്രകാരമുള്ള ധനസഹായം വീണ്ടും വർദ്ധിപ്പിക്കുന്ന വിഷയം പരിഗണനയിലാണ്.

ഭൂരഹിത-ഭവനരഹിത പദ്ധതി

177 (8237) ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. ജോസഫ് വാഴക്കൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) ഭൂരഹിത-ഭവനരഹിത പദ്ധതി പ്രകാരം ഈ സർക്കാർ പട്ടികജാതിക്കാരായ എത്ര ആളുകൾക്ക് വീട് നിർമ്മിക്കുന്നതിന് ഭൂമി നൽകിയിട്ടുണ്ട് ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം ഭൂമി വാങ്ങുന്നതിനായി ഇതുവരെ എത്ര രൂപ ചെലവഴിച്ചു ;

(സി) പ്രസ്തുത പദ്ധതിപ്രകാരം ഗുണഭോക്താക്കൾക്ക് ഭൂമി വാങ്ങുന്നതിന് നൽകുന്ന ധനസഹായം എത്ര രൂപയാണ് ;

(ഡി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പ്രസ്തുത പദ്ധതിപ്രകാരം ഭൂമി വാങ്ങുന്നതിന് ഗുണഭോക്താക്കൾക്ക് നൽകിവന്ന ധനസഹായം എത്രരൂപ വീതമായിരുന്നു ; ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രസ്തുത തുക വർദ്ധിപ്പിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ?

ഉത്തരം

(എ) ഭൂമി വാങ്ങുന്നതിന് ധനസഹായം അനുവദിച്ചതിന്റെ വിവരങ്ങൾ വർഷം തിരിച്ച് ചുവടെ ചേർക്കുന്നു:

2011-12	4452
2012-13	11047
2013-14	6290

(ബി) വർഷം തിരിച്ചുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

വർഷം	തുക (ലക്ഷത്തിൽ)
2011-12	8149.42
2012-13	16937.87
2013-14	9996.505

(സി) ഭൂരഹിത പുനരധിവാസ പദ്ധതിപ്രകാരം ഗ്രാമപ്രദേശങ്ങളിൽ കുറഞ്ഞത് 3 സെന്റ് ഭൂമി വാങ്ങുന്നതിന് ഒന്നര ലക്ഷം രൂപയും മുനിസിപ്പാലിറ്റികളിൽ ഒന്നര സെന്റ് ഭൂമി വാങ്ങുന്നതിന് 2 ലക്ഷം രൂപയും കോർപ്പറേഷനുകളിൽ ഒന്നര സെന്റ് ഭൂമി വാങ്ങുന്നതിന് 3 ലക്ഷം രൂപയുമാണ് നൽകിവരുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഭൂമി വാങ്ങുന്നതിന് അനുവദിച്ചിരുന്ന ധനസഹായം വർഷം തിരിച്ച് ചുവടെ ചേർക്കുന്നു:

വർഷം	ഗ്രാമപ്രദേശം (രൂപയിൽ)	മുനിസിപ്പാലിറ്റി (രൂപയിൽ)	കോർപ്പറേഷൻ (രൂപയിൽ)
2006-07	25,000	27,500	30,000
2007-08 2008-09	45,000	50,000	60,000
2009-10 2010-11	75,000	90,000	1,00,000

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2011-12 സാമ്പത്തിക വർഷത്തിൽ ഭൂമി വാങ്ങുന്നതിന് നൽകിവന്നിരുന്ന ധനസഹായം ഗ്രാമപ്രദേശങ്ങളിൽ 1.50 ലക്ഷം രൂപയായും മുനിസിപ്പാലിറ്റികളിൽ 1.75 ലക്ഷം രൂപയായും കോർപ്പറേഷനുകളിൽ 2 ലക്ഷം രൂപയായും ഉയർത്തിയിരുന്നു. 2013-14 സാമ്പത്തിക വർഷത്തിൽ, മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും നൽകിവന്നിരുന്ന ധനസഹായം യഥാക്രമം 2 ലക്ഷം രൂപയായും 3 ലക്ഷം രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്.

ഭവനരഹിതർക്ക് വീട് നിർമ്മാണത്തിനായി ധനസഹായം

178 (8238) ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. കെ. കെ. ജയചന്ദ്രൻ :
ശ്രീ. ടി. വി. രാജേഷ് :
ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഭവനരഹിതർക്ക് വീട് നിർമ്മാണത്തിനായി ധനസഹായം നൽകുന്ന പദ്ധതിപ്രകാരം എത്രരൂപയാണ് ഒരാൾക്ക് നൽകിവരുന്നതെന്ന് വിശദമാക്കുമോ ;

(ബി) മുൻസർക്കാരിന്റെകാലത്ത് എത്രരൂപയാണ് നൽകിയിരുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

LIBRARY ARCHIVES Kerala Legislative Assembly